## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1915 25.03.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കാണാതായ കുട്ടികളെ കണ്ടെത്തുന്നതിന് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി ജയരാജൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2011, 2012 വർഷങ്ങളിലും 2013 നാളിതുവരെയും സംസ്ഥാനത്തുനിന്നും എത്ര കുട്ടികളെ കാണാതായിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (എ) 2011 ൽ 948 കുട്ടികളെയും 2012 ൽ 1086 കുട്ടികളെയും 2013 മാർച്ച് 10 വരെ 162 കുട്ടികളെയും കാണാതായിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓരോ വർഷത്തിലും എത്ര ആൺകുട്ടികളെയും എത്ര പെൺകുട്ടികളെയും കാണാതായെന്ന് വ്യക്തമാക്കുമോ; | (ബി) 2011 ൽ 533 പെൺകുട്ടികളെയും 415 ആൺ കുട്ടികളെയും 2012 ൽ 579 പെൺകുട്ടികളെയും 507 ആൺകുട്ടികളെയും 2013 മാർച്ച് 10 വരെ 93 പെൺകുട്ടികളെയും 69 ആൺകുട്ടികളെയും കാണാതായിട്ടുണ്ട്. |
| (സി) കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിന് പോലീസ് സംവിധാനം കൂടാതെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് വിശദീകരിക്കുമോ; | (സി) കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിന് Anti Human Trafficking Unit ന്റെ നേതൃത്വത്തിൽ റെയിഡുകൾ നടത്താറുണ്ട്. കൂടാതെ ലോക്കൽ പോലീസും രഹസ്യാന്വേഷണ വിഭാഗവും അന്വേഷണം നടത്താറുണ്ട്. Child line, മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയ NGO കളുടെയും മറ്റും സേവനവും Social Welfare Department ന്റെ സേവനവും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ കുട്ടികളെ കണ്ടെത്തുന്നതിനായി പോലീസ് സ്റ്റേഷനുകളിലേക്ക് ക്രൈംകാർഡ് |

| | | | |
|---|---|---|---|
| | | | അയച്ച് വിവരം ശേഖരിച്ചും അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കുട്ടികളെ നിരീക്ഷിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്. വയർലസ് മെസ്സേജുകൾ വഴി എല്ലാ സ്റ്റേഷനുകളിലേക്കും എത്രയും പെട്ടെന്ന് വിവരങ്ങൾ അറിയിച്ച് കാണാതാകുന്നവരെ കണ്ടെത്താൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ 'ട്രിവാൻഡ്രം ഡോൺ ബോസ്കോ വീട് സൊസൈറ്റി' എന്ന സംഘടന എറണാകുളത്തും തിരുവനന്തപുരത്തും 2008 മുതൽ നെറ്റ് വർക്ക് സംവിധാനം ആരംഭിച്ചിട്ടുണ്ട്. മിസ്സിംഗ് ചൈൽഡ് സെർച്ച് ആന്റ് ചൈൽഡ് പ്രൊട്ടക്ഷൻ ഹോം ലിങ്ക് നെറ്റ് വർക്ക് എന്നാണ് നെറ്റ് വർക്കിന്റെ പേര്. |
| (ഡി) | കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ 2013 ജനുവരി 17 – ന് നേരിട്ട് ഹാജരായി അറിയിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശപ്രകാരം സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ആരാണ് കോടതിയിൽ ഹാജരായതെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. എം. ആർ. രമേഷ് ബാബു ഹാജരായിട്ടുണ്ട്. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ? | (ഇ) | സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ